"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - എറണാകുളം ജില്ലയിൽ മൺസൂൺ മുന്നൊരുക്കത്തിന്റെ ഭാഗമായി ജിയോ ബാഗ് ഉപയോഗിച്ചുള്ള കടൽത്തീര താൽക്കാലിക സംരക്ഷണ പ്രവൃത്തികൾക്ക് ഭരണാനുമതിയും തുകയും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.200/2026/DMD തീയതി,തിരുവനന്തപുരം, 28-04-2026

---

പരാമർശം:-

1 എറണാകുളം ജില്ലാ കളക്ടറുടെ 09.03.2026 തീയതിയിലെ DCEKM/6109/2021-D2 നമ്പർ കത്ത്

2 22.04.2026 ലെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ യോഗ നടപടികുറിപ്പ്

**ഉത്തരവ്**

എറണാകുളം ജില്ലയിലുള്ള വൈപ്പിൻ മുതൽ ചെല്ലാനം വരെ 43 കി.മി നീളമുള്ള തീരദേശപഞ്ചായത്തുകളിൽ മുൻകാലങ്ങളിൽ ഉണ്ടായ ഓഖി, ടൗട്ടേ ചുഴലിക്കാറ്റുകൾ മൂലം തീരപ്രദേശങ്ങളിൽ നിർമ്മിച്ചിട്ടുള്ള കടൽഭിത്തി ഭൂരിഭാഗം പ്രദേശങ്ങളിലും പൂർണമായും തകർന്ന അവസ്ഥയിലാണ് ഉള്ളത്. വർഷങ്ങളായി കടൽക്ഷോഭം തടയുന്നതിനായി പ്രദേശവാസികളും ജനപ്രതിനിധികളും കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾ നടത്തണമെന്ന് നിരന്തരം ആവശ്യപ്പെടുന്നുണ്ട്. എന്നാൽ കടൽഭിത്തി നിർമ്മിക്കുന്നതിനാവശ്യമായ കരിങ്കല്ലിന്റെ ലഭ്യതക്കുറവുണ്ട്. കാലാവസ്ഥാവ്യതിയാനത്തിന്റെ അനന്തര ഫലമായി തിരമാലകൾ അതിതീവ്രമായി റോഡിലേക്കെത്തി അവ സഞ്ചാരയോഗ്യമല്ലാതാവുകയും ചെയ്യുന്നു. ആയതിനാൽ ഈ പ്രദേശങ്ങളിൽ മൺസൂൺ മുന്നൊരുക്കങ്ങളുടെ ഭാഗമായി ജനങ്ങളുടെ ജീവന് സംരക്ഷണം നൽകുന്നതിനായി യുദ്ധകാലാടിസ്ഥാനത്തിൽ ജിയോബാഗ് ഉപയോഗിച്ചുള്ള താൽക്കാലിക സംരക്ഷണ പ്രവൃത്തികൾ നടപ്പിലാകേണ്ടത് അത്യാവശ്യമാണെന്നും പ്രസ്തുത താൽക്കാലിക സംരക്ഷണ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾക്ക് അനുമതി നൽകണമെന്നും എറണാകുളം ജില്ലാ കലക്ടർ പരാമർശം 1 ലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയും ജിയോ ബാഗ് ഉപയോഗിച്ചുള്ള താത്കാലിക സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായിട്ടുള്ള 282.42 ലക്ഷം രൂപയുടെ 28 പ്രവർത്തികളുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ചെയ്തു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിൽ മൺസൂൺ മുന്നൊരുക്കത്തിന്റെ ഭാഗമായി ജിയോ ബാഗ് ഉപയോഗിച്ചുള്ള കടൽത്തീര

താൽക്കാലിക സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനായുള്ള 28 പ്രവൃത്തികൾക്കായി 282.42 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകികൊണ്ടും ആയതിലേക്കായി 2245-07- 101-99 Structural Mitigation Measures എന്ന ശീർഷകത്തിൽ നിന്നും 282.42 ലക്ഷം രൂപ എറണാകുളം ജില്ലാ കളക്ടർക്ക് അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു.

3.സംസ്ഥാന ദുരന്തപ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതും വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), (എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
ചീഫ് എൻജിനിയർ ഇറിഗേഷൻ
ജലവിഭവ(ഇറിഗേഷൻ) വകുപ്പ്
ജില്ലാകളക്ടർ, എറണാകുളം
ജില്ലാ ട്രഷറി ഓഫീസർ,എറണാകുളം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ് (Web and New Media)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Vincent U**
**Date: 28-04-2026 15:23:27**
സെക്ഷൻ ഓഫീസർ